# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No. 164/PR/PIC/PHQ/18 Date : 01.07.2018

## ഗതാഗതനിയമം ലംഘിക്കുന്ന ടിപ്പർ ലോറികൾക്കെതിരെ നടപടി ശക്തമാക്കുന്നു

സംസ്ഥാനത്ത് ടിപ്പർ ലോറികൾ മുഖേന അപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഗതാഗതനിയമം ലംഘിക്കുന്ന ടിപ്പർ ലോറികൾക്കെതിരെ നടപടി ശക്തമാക്കി പോലീസ്. ടിപ്പർ ലോറികൾ ഉൾപ്പെടുന്ന വാഹനാപകടങ്ങളിൽ നിരവധി കുട്ടികൾ മരണപ്പെടുകുയും ഒട്ടേറെ കുട്ടികൾക്ക് പരിക്കേൽക്കുകയും ചെയ്യുന്നതായി ഇതു സംബന്ധിച്ച കണക്കുകൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് നടപടി ശക്തമാക്കുന്നത്. ഇതിന്റെ ഭാഗമായി പത്തനംതിട്ടയിൽ നടത്തിയ പരിശോധനയിൽ രണ്ട് മണിക്കൂറിൽ 177 ടിപ്പർ ലോറികൾ പരിശോധനയ്ക്കു വിധേയമാക്കുകയും നിയമം ലംഘിച്ചവർക്കെതിരെ നടപടി എടുക്കുകയും ചെയ്തിരുന്നു. സംസ്ഥാനത്തെ മറ്റു ഭാഗങ്ങളിലും ഇത്തരത്തിൽ പരിശോധന കർശനമാക്കാൻ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റ നിർദേശം നല്കിയിട്ടുണ്ട്.

ടിപ്പർ ലോറികൾ മൂലം അപകടങ്ങൾക്കിരയാവുന്ന കുട്ടികളുടെ 2015 മുതലുള്ള കണക്കുകളാണ് വിശകലനവിധേയമാക്കിയത്. 2015-ൽ സംസ്ഥാനത്ത് ടിപ്പർ ലോറികൾ മുഖേന കുട്ടികൾക്കുണ്ടായ 45 അപകടങ്ങളിലായി 21 പേർ മരിക്കുകയും 19 പേർക്ക് ഗുരുതര പരിക്കേൽക്കുകയും 14 പേർക്ക് നിസ്സാര പരിക്കേൽക്കുകയും ചെയ്തിരുന്നു. 2016-ൽ 39 കേസുകളിലായി 5 പേർ മരിക്കുകയും 24 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും 20 പേർക്ക് നിസ്സാര പരിക്കേൽക്കുകയും ചെയ്തു. 2017 ൽ 30 കേസുകളിലായി 10 മരിക്കുകയും 16 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും 10 പേർക്ക് നിസ്സാര പരിക്കേൽക്കുകയും ചെയ്തിരുന്നു. ഈ കണക്കുകളുടെ അടിസ്ഥാനത്തിൽ ഈ വർഷം നിയമം ലഘിച്ചോടുന്ന ടിപ്പർ ലോറികളെ കണ്ടെത്താൻ നിരീക്ഷണം ശക്തമാക്കിയിരുന്നു. എന്നിട്ടും 2018 മെയ് മാസം വരെ 15 കേസുകളിലായി 5 പേർ മരിക്കുകയും 8 പേർക്ക് ഗുരുതരമായി പരിക്കേൽക്കുക 7 പേർക്ക് നിസ്സാര പരിക്കേൽക്കുകയും ചെയ്തിരുന്നു. ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് പുതിയ നടപടികൾക്ക് നിർദേശം നല്കിയിരിക്കുന്നത്. സ്കൂൾ സുരക്ഷ സംബന്ധിച്ച പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ സമയങ്ങളിലും മറ്റും ടിപ്പർ ലോറികളുടെ ഓട്ടം നിയന്ത്രിക്കുക, ലോറികളുടെ ഫിറ്റ്നസ് സംബന്ധിച്ച പരിശോധനകൾ നടത്തുക, ടിപ്പർ ലോറി ഡ്രൈവർമാർക്ക് ഗതാഗത നിയമം സംബന്ധിച്ചും ബോധവത്കരണം നടത്തുക തുടങ്ങിയ നടപടികളും അപകട നിരക്ക് കുറയ്ക്കുന്നതിന് സ്വീകരിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി പറഞ്ഞു.

**********